(9) പരപ്പനങ്ങാടിയിലെ ഫിഷ്സീഡ് ഫാം വികസനം

ശ്രീ. പി. വി. മുഹമ്മദ്: സർ, തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ പെട്ടതും ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രിയുടെ ജൻമനാടുമായ പരപ്പനങ്ങാടിയിൽ മൽസ്യക്കുഞ്ഞുങ്ങളെ വളർത്തുന്ന ഒരു പദ്ധതി ആരംഭിച്ചിട്ട് 3 വർഷമായി. കുളങ്ങളും നന്നാക്കാത്തതുകൊണ്ടും വെള്ളം മാറാത്തതുകൊണ്ടും മൽസ്യക്കുഞ്ഞുങ്ങളും അനുഭവിക്കുന്ന വിഷമത്തെപ്പറ്റി ബഹുമാനപ്പെട്ട ഫിഷറീസ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാൻവേണ്ടിയാണ് ഈ സബ്മിഷൻ. മൽസ്യക്കുഞ്ഞുങ്ങളെ വളർത്തുക, മൽസ്യവിതരണം നടത്തുക എന്ന മഹത്തായ ലക്ഷ്യം വച്ചുകൊണ്ടു തുടങ്ങിയ ഈ പദ്ധതി ശ്രദ്ധിക്കപ്പെടാത്തതുമൂലം ജനങ്ങളും വളരെയധികം ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. 30 കൊല്ലമായി ഈ നിയമസഭയെ അനുഗ്രഹിക്കുന്ന ബഹുമാനപ്പെട്ട നഹാസാഹിബ്ബിന്റെ സ്വന്തം നാട്ടിലെ ഒരു പ്രധാനപ്പെട്ട കാര്യമാണ് പറയുന്നത്. മൽസ്യക്കുഞ്ഞുങ്ങളെ വളർത്തുന്നതിൽ വളരെ താൽപ്പര്യം കാണിക്കുന്ന നമ്മുടെ ബഹുമാനപ്പെട്ട ഫിഷറീസ്വകുപ്പുമന്ത്രി ഇക്കാര്യത്തിൽ അടിയന്തിരനടപടി സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, പരപ്പനങ്ങാടിയിൽ മുള്ളാനത്തു 3 ഹെക്ടർ വിസ്തീർണ്ണമുള്ള ഒരു ഫിഷറീസ് ഫാമുണ്ട്. 15 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളും അവിടെ നടന്നുകഴിഞ്ഞു. ഇപ്പോൾ 21 കുളങ്ങളും മൽസ്യം വളർത്തുന്നതിന് യോഗ്യമാക്കിത്തീർത്തിട്ടുണ്ട്. കുളങ്ങളിൽ വെള്ളമെത്തിക്കുന്നതിന് കിണറും പമ്പ്സെറ്റും സ്ഥാപിച്ചിട്ടുണ്ട്. പരപ്പനങ്ങാടി റെയിൽവേ സ്റ്റേഷൻ മുതൽ ഫാം വരെയുള്ള റോഡ്, ഓഫീസ് കെട്ടിടം, ലബോറട്ടറി കെട്ടിടം മുതലായവയാണ് മറ്റു പരിപാടികളും. ഇപ്പോൾ ഈ ഫാമിൽ ആണ്ടുതോറും 3 ലക്ഷം മൽസ്യക്കുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഈ ഫാമിന്റെ വികസനപ്രവർത്തനങ്ങൾക്ക് മുടക്കം വരുത്തിയിട്ടില്ല.

(10) നെയ്യാറിൻകര ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ

ശ്രീ. ജി. വരദൻ: சர், நெய்யாற்றின்கரையில் ஒரு Teachers Training School உள்ளது. அந்தப் பள்ளியில் 20 தமிழ் மாணவர்கள் உள்ளனர். அவர்களுக்கு தமிழ் கற்றுகொடுப்பதற்கு தமிழாசிரியர் கிடையாது. இரண்டு ஆண்டுகளாக தேவிகுளம், பீருமேடு, உடும்பன்சோலை இடங்களிலுள்ள மாணவர்களுக்கு தமிழ் கற்று கொடுப்பதற்கு தமிழாசிரியர் கிடையாது. அதுமட்டுமல்லாமல் கல்வி அமைச்சர் அவர்கள் மேலால் அங்க தமிழாசிரியரை நியமிக்க முடியாது என்றும் கூறியுள்ளார். மேலும் தமிழ் கற்றுகொடுக்க மலையாளம் படித்த ஆசிரியரை நியமிக்கப்பட்டுள்ளது. ஆகையால் அமைச்சர் அவர்கள் தயவு செய்து தமிழ் படித்தவரை தமிழாசிரியராக நியமிக்க வேண்டுமென்று பணிவுடன் கேட்டுக் கொள்கிறேன்.

10 A.M.]

LIBRARY ARCHIVES Kerala Legislative Assembly